## <u>സാഹിത്യ പത്ര പ്രവർത്തനം</u>

ശ്രീ. കെ.എ. ദാമോദരമേനോനെ അനുസ്മരിച്ചു[illegible] പ്രസംഗം ചെയ്യാൻ ക്ഷണിക്കപ്പെട്ടത് വലിയൊരു ബഹുമതിയായി ഞാൻ കരുതുന്നു. മാതൃഭൂമി എന്ന ഒരേ പത്രസ്ഥാപനത്തിൽ ഞങ്ങൾ ഇരുവരും ജോലി ചെയ്തിട്ടുണ്ടെങ്കിലും, ശ്രീ. ദാമോദരമേനോന്റെ കീഴിലോ അദ്ദേഹത്തോടൊപ്പമോ പ്രവർത്തിക്കുവാനുള്ള അവസരം എനിക്ക് "മാതൃഭൂമി"യിൽ കൈവന്നിട്ടില്ല. 1951-ൽ ഞാൻ മാതൃഭൂമി വാരികയുടെ ചുമതല ഏറ്റെടുക്കുമ്പോഴേക്ക് ശ്രീ. ദാമോദരമേനോൻ മാതൃഭൂമിയിൽ നിന്ന് ഒഴിഞ്ഞ് പാർലമെന്റിൽ അംഗമായി ദില്ലിയിലേക്ക് താമസം മാറിയിരുന്നു. ശ്രീ. വി.എം. നായർ പത്രാധിപർ ആയിരിക്കുമ്പോഴാണ് ഞാൻ മാതൃഭൂമിയിൽ ചേർന്നത്. എന്നാൽ അന്നും ശ്രീ. ദാമോദരമേനോന്റെ പ്രവർത്തന പാരമ്പര്യങ്ങൾ മാതൃഭൂമിയിൽ തങ്ങി നിന്നിരുന്നു. പ്രശസ്തനായ ആ മുൻ പത്രാധിപരുടെ ആരാധകർ മാതൃഭൂമി സ്റ്റാഫിൽ കുറവായിരുന്നില്ല.

## <u>ഐക്യ കേരള കമ്മറ്റി</u>

ഐക്യകേരള പ്രസ്ഥാനം കേരളത്തിൽ ശക്തിയാർജിച്ചപ്പോൾ, അതിൽ ശ്രീ ദാമോദരമേനോനുമായി അടുത്തു പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. കേരളമെന്ന സംസ്ഥാനം രൂപവൽക്കരിക്കുന്നതിനു വേണ്ടി കേരളത്തിലുടനീളം പ്രചാര വേല നടത്തുകയും, കേരളത്തെക്കുറിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച്, കേരള സംസ്ഥാന രൂപവൽക്കരണത്തിന്റെ ആവശ്യവും പ്രായോഗികതയും അനിവാര്യതയും വ്യക്തമാക്കുന്ന ഒരു മെമ്മോറാണ്ടം തയ്യാറാക്കി സംസ്ഥാന പുനഃസംഘടന കമ്മിറ്റിക്ക് സമർപ്പിക്കുകയും, സംസ്ഥാന രൂപവൽക്കരണമെന്ന് അപ്രതീക്ഷിതങ്ങളായ പല കേന്ദ്രങ്ങളിൽ നിന്നുമുണ്ടായ [illegible] പ്രേരിതങ്ങളോ, സ്വാർത്ഥ താല്പര്യ പ്രേരിതങ്ങളോ ആയ എതിർപ്പുകളോട് അപ്പഴപ്പോൾ പൊരുതുകയും ചെയ്യുകയെന്ന പ്രയാസ പൂർണ്ണമായ കർത്തവ്യം നിക്ഷിപ്തമായിരുന്നത് ശ്രീ. കെ.പി. കേശവമേനോൻ അദ്ധ്യക്ഷനും, ശ്രീ. കെ.എ. ദാമോദരമേനോനും, ശ്രീ. പി. നാരായണൻ നായരും സെക്രട്ടറിമാരും ആയിരുന്ന ഐക്യകേരള കമ്മിറ്റിയിൽ ആയിരുന്നു. ഈ കമ്മിറ്റിയിൽ ഒരംഗം ആയിരുന്നു ഞാൻ. ശ്രീ. കേശവമേനോനു വേണ്ടി ഈ കമ്മിറ്റിയുടെ ഖജാൻജി എന്ന നിലയിൽ കുറെ വർഷങ്ങളോളം പ്രവർത്തിച്ചതും ഞാനായിരുന്നു. മാതൃഭൂമിയിൽ, ശ്രീ. കേശവമേനോൻ ഒഴികെ സ്റ്റാഫിലെ

നിലവിൽ സംഗതികൾ മിക്കവാറും ഐക്യകേരളം സ്ഥാപിക്കുന്നതിനു എതിരായിരുന്നു. ശ്രീ കേളപ്പൻ ആവശ്യപ്പെട്ടിരുന്നതുപോലെ ഗോകർണ്ണം മുതൽ കന്യാകുമാരി വരെ വ്യാപിച്ചുള്ള ഒരു പശ്ചിമ തീര സംസ്ഥാനമോ, ശ്രീ മാധവമേനോൻ ആവശ്യപ്പെട്ടിരുന്നതുപോലെ , തിരുവിതാംകൂർ-കൊച്ചിയെ ഒഴിവാക്കി ഒരു മദ്രാസ്-കേരള സംസ്ഥാനമോ സ്ഥാപിക്കണമെന്നുള്ള ആഗ്രഹമാണ് അവർക്ക് ഉണ്ടായിരുന്നത്. അതിനാൽ, മാതൃഭൂമി പത്രത്തിൽ കൂടി ഐക്യകേരളത്തിനു വേണ്ടിയുള്ള പ്രചാരവേല മിക്കവാറും മുഴുവനും എനിക്കു തന്നെ നിർവ്വഹിക്കേണ്ടി വന്നു. ഇതോടൊപ്പം, മാതൃഭൂമിയുടെ പുറത്ത് ശ്രീ. കേശവമേനോൻ ശ്രീ ദാമോദരമേനോൻ, ശ്രീ നാരായണൻ നായർ , ശ്രീ ബാലഗോപാലൻ മുതലായവരോടൊന്നിച്ച് മലബാറിൽ പലേടത്തും യോഗങ്ങൾ സംഘടിപ്പിക്കുന്നതിലും ഒരു പങ്ക് എനിക്കുണ്ടായിരുന്നു. സംസ്ഥാന പുനസ്സംഘടന കമ്മിറ്റിയുടെ മെമ്മോറാണ്ടം തയ്യാറാക്കുന്നതിലും അതു സമർപ്പിക്കുന്നതിലും ഞാൻ ഇവരോട് സഹകരിച്ചു. ഇക്കാലത്താണ് ശ്രീ. ദാമോദരമേനോനെ വളരെ അടുത്തു നിന്നു നിരീക്ഷിക്കാൻ എനിക്കു അവസരം ലഭിച്ചത്. അറിയപ്പെടുക എന്നത് ചിലരെ സംബന്ധിച്ചിടത്തോളം , ആരാധിക്കപ്പെടുക എന്നതിന്റെ ഒരു പര്യായമാണല്ലോ. ശ്രീ. ദാമോദരമേനോനോടു എനിക്കു തോന്നിയിരുന്നത് ആരാധനയിൽ ഏറെ , ഒരു മുതിർന്ന ജ്യേഷ്ഠനോടുള്ള സമ്പൂർണ്ണ സമർപ്പണമായ സ്നേഹമായിരുന്നു. ഒരു അനുജനോടുള്ള സ്നേഹം ശ്രീ ദാമോദരമേനോന് എന്നോടുമുണ്ടായിരുന്നു. എന്റെ വിശ്വാസം, പല കാലങ്ങളിലായി അദ്ദേഹം എഴുതിയ കവിതകൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചപ്പോൾ , അവ ക്രമീകരിക്കാനും ആ പുസ്തകത്തിനു ഒരു അവതാരിക എഴുതാനും, അദ്ദേഹം ചുമതലപ്പെടുത്തിയത് എന്നെയായിരുന്നു. എന്റെ നിർബന്ധത്തിനു വഴങ്ങിയാണ് , മാതൃഭൂമിയിൽ തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി ശ്രീ. ദാമോദരമേനോൻ ആത്മകഥ എഴുതിയത്. പ്രസ് അക്കാദമിയിൽ അദ്ദേഹം ചെയർമാനായിരിക്കെ, അംഗമായി പ്രവർത്തിക്കുന്നതിനും എനിക്ക് അവസരം ഉണ്ടായി. അദ്ദേഹത്തോടു സഹകരിക്കുന്നത് എനിക്ക് എപ്പോഴും ഉത്തേജനവും ഉന്മേഷദായകവുമായ ഒരനുഭവമായിരുന്നു. അദ്ദേഹത്തിന്റെ ആഹ്ളാദപ്രദമായ ഓർമ്മ പുതുക്കുന്നതിന് ഈ അവസരം ഞാൻ ഉപയോഗിച്ചു കൊള്ളട്ടെ.

നിർഭീകരനായ സ്വാതന്ത്ര്യഭടൻ, ദീർഘദർശിയായ രാഷ്ട്രീയ നേതാവ്, കരുത്തനായ നിയമസഭാ സാമാജികൻ, കർമ്മദക്ഷനായ മന്ത്രി മുതലായ നിലകളിൽ വിശിഷ്ടമായ സേവനം രാഷ്ട്രീയത്തിനു നൽകിയിട്ടുണ്ടെങ്കിലും , കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ശ്രീ. ദാമോദരമേനോൻ

അനുസ്മരിക്കപ്പെടുക . മുഖ്യമായും പ്രതാപശാലിയായ പത്രാധിപർ എന്ന നിലയിലായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ബർമ്മയിലെ അദ്ധ്യാപക ജോലി ഉപേക്ഷിച്ച് കേരളത്തിൽ എത്തി മാതൃഭൂമിയുടെ പത്രാധിപത്യം ഏറ്റെടുത്ത മുതൽക്കാണ് ദാമോദരമേനോൻ കേരളത്തിലെങ്ങും അറിയപ്പെട്ടു തുടങ്ങിയതും, അദ്ദേഹത്തിന്റെ അദ്വിതീയമായ മേധാശക്തിയുടെ അനുപമമായ സംഘടനാ സാമർത്ഥ്യത്തിനും പര്യാപ്തമായ പ്രവർത്തന മണ്ഡലം ലഭിച്ചതും. സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതുന്ന ഒരു പത്രമായാണ് മാതൃഭൂമി പത്രം പിറവിയെടുത്തതെങ്കിലും , ശ്രീ ദാമോദരമേനോന്റെ പത്രാധിപത്യത്തിൻ കീഴിൽ വിദേശീയ മേധാവിത്വത്തോടെ പൊരുതുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവ് പലമടങ്ങ് വർദ്ധിക്കുകയുണ്ടായി. കോൺഗ്രസ്സിനകത്ത്, പ്രത്യേകിച്ച് മലബാറിൽ, ഉൾപ്പോരുകൾ വർദ്ധിച്ചിരുന്ന ആ കാലഘട്ടത്തിൽ , മാതൃഭൂമിയുടെ പല ഡയറക്ടർമാരും കോൺഗ്രസ്സിലെ അതിയാഥാസ്ഥിതിക പക്ഷത്തായിരുന്നു എന്ന പശ്ചാത്തലത്തിൽ , ഏറ്റവും പ്രയാസമേറിയ ഒന്നായിരുന്നു മാതൃഭൂമി പത്രാധിപത്യം. പ്രശംസനീയമായ പാടവത്തോടെ ശ്രീ. ദാമോദരമേനോൻ അതു നിർവഹിച്ചു. മാതൃഭൂമിയുടെ പത്രാധിപത്യം ശ്രീ ദാമോദരമേനോൻ കയ്യൊഴിഞ്ഞതിനു ശേഷവും വളരെക്കാലത്തേക്ക് മലബാർ പ്രദേശത്ത് പ്രത്യേകിച്ചും കോൺഗ്രസ് വൃത്തങ്ങളിൽ "പത്രാധിപർ" എന്നു പറഞ്ഞാൽ അതിന് ശ്രീ. ദാമോദരമേനോൻ എന്നായിരുന്നു അർത്ഥം.

ഒരു പൊരുതുന്ന പത്രത്തിന്റെ അധികാരി എന്ന നിലയിൽ ശ്രീ. ദാമോദരമേനോന്റെ താല്പര്യം മുഖ്യമായും രാഷ്ട്രീയ രംഗങ്ങളിൽ ആയിരുന്നു. കഥാകൃത്ത് എന്ന നിലയിലും കവി എന്ന നിലയിലും ഗണ്യമായ നേട്ടങ്ങൾ അദ്ദേഹത്തിന് ഉണ്ടെങ്കിലും , ശ്രീ. ദാമോദരമേനോൻ മുഖ്യമായും അനുസ്മരിക്കപ്പെടുക തൂലിക പടവാളാക്കി മാറ്റിയ രാഷ്ട്രീയ പത്രാധിപത്യത്തിന്റെ പേരിൽ ആയിരിക്കും . സാഹിത്യപരമായ പത്രപ്രവർത്തനത്തെ അദ്ദേഹം ഗൗരവമായി എടുത്തിരുന്നതായി എനിക്ക് തോന്നിയിട്ടില്ല. "ശലഭങ്ങൾ" എന്ന് തന്റെ കവിതാസമാഹാരത്തിന് അദ്ദേഹം പേരിട്ടത് അനുസ്മരിക്കുക. ആളുകൾക്ക് വിവരങ്ങൾ നൽകുക, അവരെ ഉത്തേജിപ്പിച്ച് ക്രിയോന്മുഖരാക്കുക എന്ന രണ്ടു ലക്ഷ്യങ്ങളാണ് രാഷ്ട്രീയ പത്രപ്രവർത്തനത്തിനു മുഖ്യമായി ഉള്ളത്. സൗന്ദര്യാനുഭൂതികളെ വായനക്കാരുടെ കഴിവ് വികസിപ്പിക്കുക. അവരുടെ രുചികളെ സംസ്കരിച്ചുയർത്തുക. അവരെ അഭ്യസ്തവിദ്യരാക്കുക. ചിന്തകൾക്കു പുതിയ ചക്രവാളങ്ങൾ അവർക്കു തുറന്നു കൊടുക്കുക. അവരുടെ സംസ്കാരത്തെയും മൂല്യബോധത്തെയും ഉദ്ദീപിപ്പിക്കുക മുതലായവയാണ്

സാഹിത്യപരമായ പത്രപ്രവർത്തനത്തിന്റെ മുഖ്യമായ ലക്ഷ്യങ്ങൾ. ഇതോടൊപ്പം സമൂഹത്തിന്റെ അമൂല്യമായ പൊതു സ്വത്തായ ഭാഷയുടെ രൂപഭംഗിയും ആശയാവിഷ്കരണ ശക്തിയും മഹിമയും വളർത്തുക എന്ന ഭാഷാപരമായ എഞ്ചിനിയറിംഗ് എന്നു വിളിക്കാവുന്ന, മറ്റൊരു ലക്ഷ്യവും സാഹിത്യ പത്ര പ്രവർത്തനത്തിനുണ്ട്.

## കേരളത്തിൽ സാഹിത്യ പത്രപ്രവർത്തനാരംഭം

ഭാഷാ പത്രപ്രവർത്തനം ആരംഭിച്ചത് സാഹിത്യ പത്ര പ്രവർത്തനത്തിന്റെ രൂപത്തിലാണെന്ന് സാമാന്യമായി പറഞ്ഞാൽ അത് ശരിയാവുകയില്ല. യൂറോപ്പിലും ചൈനയിലും കയ്യെഴുത്തായും മറ്റും ശേഖരിച്ചു പ്രസിദ്ധീകരിച്ചിരുന്ന വാർത്തകളിൽ നിന്നും സർക്കാർ അറിയിപ്പുകളിൽ നിന്നും. പത്ര പ്രവർത്തനം ഉൽഭവിച്ചതായിട്ടാണ് പല പത്ര പ്രവർത്തന ചരിത്രങ്ങളും പ്രതിപാദിക്കുന്നത്. എന്നാൽ, കേരളത്തിൽ പത്ര പ്രവർത്തനത്തിന്റെ ഉൽപ്പത്തി കാലം മുതൽ സാഹിത്യ പത്രപ്രവർത്തനം ആരംഭിച്ചതായി പറയാവുന്നതാണ്. ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങൾ വിവരിക്കാൻ വേണ്ടി ആരംഭിച്ച "രാജ്യസമാചാര" ത്തോടടുത്തു തന്നെ "പടിഞ്ഞാറു നിന്നു വരുന്ന വെളിച്ചം" കേരളീയരുടെ ഇടയിൽ പരത്തുന്നതിനു വേണ്ടി "പശ്ചിമോദയവും" ആരംഭിക്കപ്പെടുകയുണ്ടായി. "പശ്ചിമോദയ" ത്തിന്റെ ലക്ഷ്യം കേരളീയർക്കിടയിൽ ആധുനിക രീതിയിൽ ഉള്ള ചരിത്രം, ഭൂമിശാസ്ത്രം ഭൗതിക ശാസ്ത്രങ്ങൾ മുതലായവ സംബന്ധിച്ച വിജ്ഞാനം വ്യാപിപ്പിക്കുകയായിരുന്നു. എങ്കിലും അതോടൊപ്പം നിയതരൂപവും ആധുനിക വ്യവഹാരത്തിനു പര്യാപ്തവും ആയ ഒരു ഗദ്യ ശൈലി നിലവിൽ വരുത്തുകയെന്ന ഫലവും ഈ പത്രപ്രവർത്തനത്തിൽ നിന്ന് ഉൽഭവിക്കാതിരുന്നില്ല. പശ്ചിമോദയത്തെ മലയാളത്തിലെ സാഹിത്യ പത്രപ്രവർത്തനത്തിന്റെ പ്രഥമ മാതൃകയായി കരുതാം.

പശ്ചിമോദയത്തെ തുടർന്ന് ഏറെ കാലത്തേക്ക് മലയാളത്തിൽ പുറത്തുവന്ന ആനുകാലികങ്ങൾ "സാഹിത്യ പത്രങ്ങൾ" എന്ന പേര് പൊതുവെ അർഹിക്കുന്നവയായിരുന്നു. ഗദ്യത്തോടൊപ്പം പദ്യത്തിനും ഈ ആനുകാലികങ്ങളിൽ സ്ഥാനം നൽകപ്പെട്ടുവെന്ന സ്ഥലവാർത്തകൾ, പരസ്യങ്ങൾ മുതലായവ അടങ്ങിയതായിരുന്നിട്ടും "കവന കൗമുദി" പത്രം ആദ്യന്തം കഥകൾ, ഉപന്യാസങ്ങൾ മുതലായ സാഹിത്യപ്രബന്ധങ്ങളായിരുന്നു മറ്റു പല

....5

ആനുകാലികങ്ങളിലേക്കും മുഖ്യ വിഭവം. വാർത്തകളെ സംബന്ധിച്ച ആധുനിക നിർവചനങ്ങൾക്ക് തികച്ചും ഉദാഹരണമാകാവുന്നവയും, ആധുനിക വാർത്താ വിവരണങ്ങളുടേതായ ശൈലിയിൽ എഴുതപ്പെട്ടവയും ആയ വിഭവങ്ങൾ മലയാളത്തിലെ ആനുകാലികങ്ങളിൽ സ്ഥാനം പിടിച്ചു തുടങ്ങിയത് വളരെ പതുക്കെ മാത്രമാണ്. മലയാളത്തിൽ ദിനപ്പത്രങ്ങൾ ആവിർഭവിച്ചപ്പോഴും, അവയിൽ സുപ്രധാനമായ സ്ഥാനം നേടിപ്പോന്നു. "സാഹിത്യം" എന്നു വിളിക്കാവുന്ന രചനകൾ. വായനക്കാരെ ആകർഷിക്കുന്നതിനു വേണ്ടി മലയാള മനോരമ പോലെയുള്ള ചില മലയാള ദിനപ്പത്രങ്ങൾ തുടർച്ചയായി നോവലുകൾ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. ദിനപ്പത്രങ്ങളുടെ വാരാന്തപ്പതിപ്പുകളിൽ കഥകൾ, തുടർനോവലുകൾ, കവിതകൾ, ഉപന്യാസങ്ങൾ, പുസ്തകാഭിപ്രായങ്ങൾ മുതലായ സാഹിത്യങ്ങളായ വിഭവങ്ങൾക്ക് ഇപ്പോഴും പ്രമുഖമായ സ്ഥാനം പത്രങ്ങൾ ഉടുന്നുണ്ട്.

സ്വാതന്ത്ര്യ സമര കാലത്ത് നേതാക്കന്മാരുടെ പ്രസംഗങ്ങൾ പൂർണ്ണമായി വിവർത്തനം ചെയ്തു ചേർക്കുക മലയാള പത്രങ്ങളുടെ പതിവ് ആയിരുന്നു. ഈ പ്രസംഗങ്ങളിൽ പലതും പ്രതിപാദനത്തിലെ ക്രമബദ്ധത മൂലവും ഭാഷയുടെ ഊർജ്ജസ്വലത മൂലവും പ്രതിപാദ്യത്തിന്റെ ഉത്തേജന ക്ഷമത മൂലവും മികച്ച സാഹിത്യകൃതികൾ കൂടി ആയിരുന്നു. കേരളീയരായ വായനക്കാരുടെ ബോധമണ്ഡലത്തെ വിശാലമാക്കുന്നതിലും സംസ്കരിക്കുന്നതിലും, വാർത്തകൾ എന്ന നിലയിൽ സമർപ്പിക്കപ്പെട്ട ഈ പ്രസംഗങ്ങൾ അദ്വിതീയമായ പങ്കാണ് നിർവഹിച്ചിട്ടുള്ളത്. ഇവയ്ക്കു പുറമെ, മുഖപ്രസംഗങ്ങളിൽ സാഹിത്യങ്ങളും സാംസ്കാരികങ്ങളുമായ പ്രശ്നങ്ങൾ അവതരിപ്പിച്ചു ചർച്ച ചെയ്യുന്നതിലൂടെയും മലയാളത്തിലെ ആനുകാലികങ്ങൾ സാഹിത്യ പത്ര പ്രവർത്തന രംഗത്ത് വിപുലമായ സംഭാവനകൾ അർപ്പിക്കുകയുണ്ടായി.

ആധുനിക മലയാള സാഹിത്യത്തിൽ പ്രഖ്യാതരായ മൂന്നു കവികളും പത്ര പ്രവർത്തകർ കൂടി ആയിരുന്നു. സമുദായോദ്ധാരണം, സംഘടനാ പ്രവർത്തനം എന്നിവ മുഖ്യലക്ഷ്യങ്ങളായിരുന്നപ്പോഴും "വിവേകോദയം" മാസിക കുമാരനാശാന്റെ കയ്യിൽ, സാഹിത്യത്തിൽ ഒരു നവോത്ഥാനം കൈവരുത്തുന്നതിനുള്ള സമർത്ഥമായ ഉപകരണം കൂടി ആയിരുന്നു. താൻ പത്രാധിപർ ആയിരുന്ന "ആത്മപോഷിണിയിലും" മറ്റും വള്ളത്തോൾ എഴുതിയ പുസ്തക നിരൂപണങ്ങൾക്ക് - ഇവ "ഗ്രന്ഥവിഹാരം" എന്ന പേരിൽ പിന്നീട് സമാഹരിക്കപ്പെടുകയുണ്ടായി. മലയാളത്തിലെ സാഹിത്യ

വിമർശനത്തിന്റെ ചരിത്രത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. പ്രാചീന ഗ്രന്ഥങ്ങളുടെയും പാണ്ഡിത്യപൂർണ്ണങ്ങളായ സാഹിത്യ പ്രബന്ധങ്ങളുടേയും പ്രകാശനം കൊണ്ട് അമൂല്യമായ ഒരു പണി തന്നെയായിരുന്നു. ഉള്ളൂർ പത്രാധിപർ ആയിരുന്ന കാലത്തോളം, സാഹിത്യപരിഷത് ത്രൈമാസിക ശ്രീ. മുണ്ടശ്ശേരി, ശ്രീ ശങ്കരക്കുറുപ്പ് മുതലായവരുടെ പത്രപ്രവർത്തനത്തെയും ഇക്കൂട്ടത്തിൽ നാം സ്മരിക്കേണ്ടതായിട്ടുണ്ട്.

## കേസരി

മലയാളത്തിലെ സാഹിത്യ പത്രപ്രവർത്തന ചരിത്രത്തിൽ ഏറ്റവും അധികം ശ്രദ്ധേയമായ പേര് കേസരി ബാലകൃഷ്ണപിള്ളയുടേതാണ്. ആധുനിക സാഹിത്യത്തിലെ പ്രമുഖ രൂപങ്ങളായ നോവലുകളും, കഥകളും സംബന്ധിച്ച് മലയാളികളുടെ- എഴുത്തുകാരുടേയും, വായനക്കാരുടേയും- നിലവിലുള്ള ധാരണകളെ തിരുത്തി, വിശ്വസാഹിത്യത്തിൽ ഇവയെ സംബന്ധിച്ച് അന്നു നിലവിൽ ഉണ്ടായിരുന്ന ധാരണകൾ ഇവിടെ സുപ്രതിഷ്ഠിതങ്ങളാക്കിയതാണ് കേസരി ബാലകൃഷ്ണപിള്ളയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന എന്നു പറയാം. ഈ സാഹിത്യ രൂപങ്ങൾ സംബന്ധിച്ച് പ്രാമാണികരായ പാശ്ചാത്യപണ്ഡിതന്മാർക്കുള്ള ധാരണകൾ പ്രബന്ധരൂപത്തിൽ അവതരിപ്പിച്ചും, ഈ ധാരണകളെ ഉദാഹരിക്കുന്ന പാശ്ചാത്യഭാഷയിലെ വിശിഷ്ട കൃതികൾ തർജമ ചെയ്ത് പ്രസിദ്ധീകരിച്ചും, ഇവയുടെ മാതൃക പിടിച്ച് രചിക്കപ്പെടുന്ന മലയാള കൃതികളെ പ്രസിദ്ധീകരണം വഴിയും പ്രശംസ വഴിയും പ്രോത്സാഹിപ്പിച്ചുമാണ് ബാലകൃഷ്ണപിള്ള താൻ ഉദ്ദേശിച്ച ബോധവൽക്കരണപ്രക്രിയ നടപ്പിൽ വരുത്തിയതും, നമ്മുടെ സാഹിത്യ ചരിത്രത്തിൽ ഒരു യുഗപരിവർത്തകനെന്ന സ്ഥാനം നേടിയതും.

കൃതികളുടെ ഉൽകർഷാപകർഷങ്ങൾ നിർണയിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ മലയാളികൾക്ക് നൽകിയതാണ് ബാലകൃഷ്ണപിള്ളയുടെ സുപ്രധാനമായ മറ്റൊരു സംഭാവന. പ്രതിപാദന ശൈലിയുടേയും വിവിധ വീക്ഷണത്തിന്റേയും അടിസ്ഥാനത്തിൽ കൃതികളെ പ്രസ്ഥാനങ്ങളായി വർഗീകരിച്ച് വിവരിക്കുന്ന സമ്പ്രദായം പൗരസ്ത്യമല്ല, പാശ്ചാത്യമാണ്. പാശ്ചാത്യർ നിർദ്ധാരണം ചെയ്തിട്ടുള്ള വിഭിന്ന-സാഹിത്യ-കലാ വിമർശന പ്രസ്ഥാനങ്ങളെ ലക്ഷണ നിർവചനങ്ങളോടും ഉദാഹരണങ്ങളോടും കൂടി ബാലകൃഷ്ണപിള്ള തന്റെ വായനക്കാർക്ക് പരിചയപ്പെടുത്തി കൊടുത്തു. പ്രസ്ഥാനാചാര്യനാണ് മഹാകവിത്വം എന്ന്. മഹാകവിത്വത്തിനൊരു പുതിയ നിർവചനം അദ്ദേഹം നൽകി.

താൻ വിവരിച്ച പാശ്ചാത്യ സാഹിത്യ വിമർശന സിദ്ധാന്തങ്ങൾക്കനുസൃതമായി സമകാലികരായ മലയാള ഗദ്യ-പദ്യ-ലേഖകരെ അദ്ദേഹം വിമർശിക്കുകയും, വർഗീകരിക്കുകയും, വാഴ്ത്തുകയും ചെയ്തു. നിശ്ചയമായും മലയാള സാഹിത്യത്തിന്റെ വളർച്ചയ്ക്ക് പത്രപ്രവർത്തനത്തിലൂടെ ഇന്നോളം ഏറ്റവും അധികം സംഭാവന നൽകിയ വ്യക്തി എ. ബാലകൃഷ്ണപിള്ള തന്നെ.

ബാലകൃഷ്ണപിള്ളയുടെ ശിഷ്യസംഘത്തിലൊരാൾ എന്ന നിലയിലാണ് ഈ പ്രസംഗത്തിൽ സ്മർത്തവ്യനായ ശ്രീ. കെ.എ. ദാമോദരമേനോൻ മലയാള പത്രപ്രവർത്തനരംഗത്തേക്ക് വന്നത്. എന്നാൽ, ദാമോദരമേനോൻ പത്ര പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പു തന്നെ , പത്രപ്രവർത്തനത്തിന്റെ മുഖ്യമായ ലക്ഷ്യം സാഹിത്യ പ്രോത്സാഹനമല്ലെന്ന് മലയാളത്തിലെ പത്ര പ്രവർത്തകർ കണ്ടെത്തിക്കഴിഞ്ഞിരുന്നു. സാഹിത്യ പ്രവർത്തനം പത്രപ്രവർത്തനത്തിന്റെ ആനുഷംഗിക ഫലം മാത്രമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ , പത്രപ്രവർത്തനത്തിന്റെ മുഖ്യധാരയല്ല, അതിന്റെ ഒരു ഉപധാരമാത്രമാണ് സാഹിത്യ പത്രപ്രവർത്തനം. പത്രപ്രവർത്തനത്തിന്റെ മുഖ്യലക്ഷ്യം രാഷ്ട്രീയമാകുന്നു. ജനങ്ങളെ രാഷ്ട്രീയമായി ഉദ്ബുദ്ധരാക്കുക, വിദേശീയ ഗവർമെന്റിനോടുള്ള സമരത്തിന് അവരെ സജ്ജരാക്കുക, ഒപ്പം സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനു ശേഷം ഭാരതത്തിൽ ന്യായാധിഷ്ഠിതവും സമൃദ്ധിപൂർണ്ണവും സഹകരണാത്മകവുമായ ജീവിത രീതി നിലവിൽ വരുത്തുന്നതിന് ആവശ്യമായ വിദ്യാഭ്യാസം ജനങ്ങൾക്ക് നൽകുക എന്നിവയാണ് പത്രപ്രവർത്തനത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളെന്ന് അംഗീകരിക്കപ്പെട്ടു കഴിഞ്ഞ കാലത്താണ് ശ്രീ. ദാമോദരമേനോൻ പത്രപ്രവർത്തനരംഗത്ത് പ്രവേശിച്ചത്. ഇതോടൊപ്പം ആനുഷംഗികമെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത സാഹിത്യപ്രചോദനമെന്ന ലക്ഷ്യം നിർവഹിക്കുന്നതിനായി, ദിനപ്പത്രത്തിൽ നിന്ന് വ്യതിരിക്തമായി , വാരികകൾ പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം അതിനകം കേരളത്തിൽ വേരൂന്നി കഴിഞ്ഞിരുന്നു. മുഖ്യമായും ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്ന ദാമോദരമേനോന്റെ പ്രവർത്തനം , ഏറെക്കുറെ മുഴുവനായും, രാഷ്ട്രീയ പത്രപ്രവർത്തനത്തിൽ ഒതുങ്ങി നിൽക്കുകയാണ് ഉണ്ടായത്.

<u>[illegible] ഭാഗം</u>

ഒപ്പം ചില ഇടവേളകൾ ഒഴിച്ചാൽ ഏതാണ്ട് നാല്പത്തഞ്ചു വർഷമായി , ഞാൻ പ്രവർത്തിച്ചു വരുന്നത് സാഹിത്യ പത്രപ്രവർത്തന രംഗത്താണ്. വാരികകൾ, പാക്ഷികങ്ങൾ, മാസികകൾ- ഇങ്ങനെ

പലതരം ആനുകാലികങ്ങൾ ആണ് നടത്തിയിട്ടുണ്ട്. ലഭിച്ചു കിട്ടിയ വിഭവങ്ങളിൽ നിന്ന് ഭേദപ്പെട്ടവ തിരഞ്ഞെടുത്ത് ശേഖരിച്ചു മിനുക്കി മെച്ചപ്പെടുത്തി പ്രസിദ്ധീകരിക്കലാണ്, പലപ്പോഴും മലയാളത്തിലെ സാഹിത്യ പത്ര പ്രവർത്തനം. ഇത് ഇങ്ങനെയല്ലാതെ വരാൻ പ്രയാസമുണ്ടായിരുന്നു താനും. സാഹിത്യത്തിനു പ്രാധാന്യം നൽകുന്ന മലയാളത്തിലെ ആനുകാലികങ്ങൾ വാരികകളായാലും, മാസികകളായാലും, പൂർണ്ണമായി മുൻകൂട്ടി പ്ലാൻ ചെയ്ത് തയ്യാറാക്കുക ഇന്നത്തെ നിലയിൽ പ്രയാസമാണ്. സാമ്പത്തിക പരിമിതിയും അതിൽ നിന്ന് ഉത്ഭവിക്കുന്ന പ്രവർത്തകരുടെ മുഖ്യമായും എഴുത്തുകാരുടെ വൈരള്യവും ആണ് ഇതിനുള്ള മുഖ്യകാരണം. ആനുകാലികത്തിന്റെ അടുത്ത ലക്കത്തിൽ ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തെ പറ്റി, പ്രശസ്തനായ ഒരു ലേഖകന്റെ സംഭാവന ഉണ്ടാകണമെന്ന് മുൻകൂട്ടി നിശ്ചയിച്ച്, ലേഖകന് മതിയായ പ്രതിഫലം നൽകി നിശ്ചിത സമയത്തിനുള്ളിൽ ലേഖകന്റെ കൈയിൽ നിന്ന് ലേഖനം വാങ്ങി, വേണ്ട വിധത്തിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുവാൻ വേണ്ട വിഭവ ശേഷി മലയാളത്തിലെ മിക്ക ആനുകാലികങ്ങൾക്കും ഇന്ന് ഇല്ല. ശേഷിയുള്ള ചുരുക്കം ചില ആനുകാലികരുടെ പ്രവർത്തകർക്ക് പത്രപ്രവർത്തനത്തിന്റെ ലക്ഷ്യത്തെപ്പറ്റി ഇത്തരം ഒരു കാഴ്ചപ്പാടും ഇല്ല.

അതിനാൽ ഉള്ളതുകൊണ്ട് ഓണം ആഘോഷിക്കാൻ മലയാളത്തിലെ സാഹിത്യ പത്രങ്ങൾ നിർബന്ധിതങ്ങളാകുന്നു. കിട്ടിയവയിൽ നിന്ന് മെച്ചപ്പെട്ട വിഭവങ്ങൾ അവയുടെ അധിപന്മാർ തിരഞ്ഞെടുക്കുകയും, സമയവും സൗകര്യവും അനുവദിക്കുമെങ്കിൽ അതിനെ ആകർഷകമായി പരിഷ്ക്കരിക്കുകയും, തലക്കെട്ടുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ, ഡയഗ്രാമുകൾ മുതലായവ ചേർത്ത് മോടി പിടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു പത്രാധിപർ ശ്രദ്ധ പരിഷ്ക്കരിച്ച് തന്റെ ഒരു രചന പ്രസിദ്ധീപ്പെടുത്തി കാണുന്നതു പോലെ സന്തോഷകരമായ ഒരു അനുഭവം എഴുത്തുകാരന് വേറെ ഉണ്ടാവാനില്ല. പ്രതിഫലം കുറെ കുറഞ്ഞാലും തന്റെ കൃതി കഴിയുന്നത്ര ഭംഗിയായും തെറ്റുകളില്ലാതെയും പ്രസിദ്ധീപ്പെടുത്തി കാണാനാണ് ലേഖകന്റെ [illegible] ആഗ്രഹിക്കുക. ഇന്നു നടന്നു വരുന്ന രീതിയിലുള്ള സാധാരണ പത്രപ്രവർത്തനം നിർവഹിക്കുന്ന മുഖ്യമായ സാഹിത്യ സേവനം പ്രസിദ്ധീകരണത്തിലൂടെ എഴുത്തുകാരന് നൽകുന്ന പ്രോത്സാഹനമാണ്.

തുച്ഛമെങ്കിലും, നമ്മുടെ പരിമിതസ്ഥിതിയിൽ സ്പൃഹണീയം തന്നെയാ സാംസ്കാരിക പ്രതിഫലം ലേഖകനു് നൽകപ്പെടുന്നു എന്നതിനു്. സാഹിത്യ പ്രോത്സാഹനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഇടയിൽ ഇന്നും രണ്ടാമത്തെ സ്ഥാനമേയുള്ളു.

രാഷ്ട്രീയം മുതലായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരോടും, കൊലപാതകങ്ങൾ തട്ടിപ്പുകൾ മുതലായവയിലൂടെ പെട്ടെന്നു കുപ്രസിദ്ധി നേടുന്നവരോടൊപ്പം എഴുത്തുകാരുടേയും പേരുകൾ പൊതുജനശ്രദ്ധയിൽ തങ്ങി നിൽക്കാൻ സഹായിക്കുന്നു എന്നതും, സാഹിത്യ പ്രോത്സാഹനത്തിന്റെ സാഹിത്യ പത്രപ്രവർത്തനത്തിനും നിർവഹിക്കുന്ന അവസരങ്ങളിൽ ഒ പ്രധാനപ്പെട്ടത ഒന്നാണ്. ലേഖകരുടെ കൃതികളും ചരിത്രങ്ങളും അവരെപ്പറ്റിയുള്ള സ്തുതി ചിത്രങ്ങളും അവരുടെ കൃതികളുടെ വിമർശനങ്ങളും പ്രസിദ്ധീകരിച്ചാണ് ഗ്രന്ഥകാരുടെ കേൾവിപ്പെട്ട പൊതുജനങ്ങളുടെ ഓർമ്മയിൽ സാഹിത്യകാരന്മാരുടെ പേരുകൾ മായാതെ ആലേഖനം ചെയ്യാൻ സാഹിത്യ പത്രങ്ങൾ ശ്രമിക്കുന്നത്. ഇങ്ങനെ എഴുത്തുകാരുടെ പേരുകൾ വായനക്കാരുടെ ഓർമ്മയിൽ ഉറപ്പിക്കുന്നതോടെ, എഴുത്തുകാരന്റെ പുസ്തകങ്ങൾ ലേഖനങ്ങൾ, കഥ മാർക്കറ്റ് ഉണ്ടാകുവാൻ അനുപേക്ഷണീയമാണു താനും.

ഈ സന്ദർഭത്തിൽ വിമർശനത്തിനു പ്രത്യേകം പ്രാധാന്യമുണ്ടു്. എഴുതപ്പെടുന്ന സാഹിത്യത്തിന്റെ നിലവാരവും വായിക്കുന്നവരുടെ രുചിയും ഉയർത്തുക എന്ന കൃത്യം നിർവഹിക്കുന്നതിനുള്ള ഏറ്റവും സമർത്ഥമായ ഉപകരണം വിമർശനമാകുന്നു. വിമർശനം സിദ്ധാന്തയുക്തിയും അമൂർത്തവുമാകുമ്പോൾ, അതിനു വായനക്കാരുടെ ശ്രദ്ധ ആകർഷിക്കാൻ കഴിയാതെ ആവുന്നു. പുതിയ പുസ്തകങ്ങൾ വാർത്തകൾ ആകയാൽ, അവയുടെ നിരൂപണത്തിനു വാർത്താ പ്രാധാന്യമുണ്ടു്. പുസ്തക നിരൂപണത്തോടൊപ്പം സാഹിത്യ-കലാ-വിമർശനത്തിന്റെ മൗലിക സിദ്ധാന്തങ്ങളും, ഈ രംഗത്തിൽ പുതിയതായി രൂപം കൊണ്ടു വരുന്ന പരീക്ഷണങ്ങളും, ഉപദർശനങ്ങളും, ഇവ ചേർന്ന് രചിക്കപ്പെടുന്ന സൈദ്ധാന്തികതയിലും പ്രായോഗികതയിലും ഒരു പോലെ ശ്രദ്ധ ചെലുത്തുന്ന, നിരൂപണങ്ങളെപ്പോലെ സാഹിത്യ പുരോഗതിയെ നിർവചിക്കാനുള്ള കഴിവു മറ്റൊന്നിനുമില്ല.

സാഹിത്യ പത്രങ്ങളിലെ പുസ്തക നിരൂപണം നിർവഹിക്കുന്ന മറ്റൊരു സേവനം പുസ്തകങ്ങളുടെ വിൽപ്പനയെ അതു സഹായിക്കുന്നു എന്നതാണ്. പുസ്തകങ്ങളുടെ കൂട്ടത്തിൽ നിത്യോപയോഗ വസ്തുക്കളായി ഇന്ത്യക്കാർ ഇന്നു കണക്കാക്കുന്നത് പാഠപുസ്തകങ്ങൾ മാത്രമാകുന്നു. മറ്റു പുസ്തകങ്ങളെല്ലാം തന്നെ, ഒഴിച്ചു വിട്ടാലും കുഴപ്പമില്ലാത്ത സുഖഭോഗ വസ്തുക്കൾ ആകുന്നു. ഇക്കാരണത്താൽ നമ്മുടെ നാട്ടിൽ പുസ്തകങ്ങൾക്ക് വിൽപ്പന കുറവാണ്, വളരെയൊന്നും ലാഭകരമല്ലാത്ത ഒന്നാണ് പുസ്തക വ്യാപാരം. പുസ്തകങ്ങളുടെ എണ്ണം കുറവാകാം, ഉള്ള പുസ്തകങ്ങളുടെ ഗുണനിലവാരം ഉയരാതിരിക്കാം, അവയുടെ കെട്ടും മട്ടും തികച്ചും അനാകർഷകങ്ങളാകാം, വിൽപ്പനയ്ക്ക് സമർപ്പിക്കപ്പെടുന്ന പുസ്തകങ്ങൾ തന്നെ വേണ്ടവർക്ക് വേണ്ട സമയത്തും സ്ഥലത്തും സുലഭങ്ങൾ അല്ലാതിരിക്കാം, എല്ലാം കാരണം പുസ്തക വ്യാപാരത്തിലെ ഈ നിത്യ ദാരിദ്ര്യമാകുന്നു. അതിനാൽ, പുസ്തക വിൽപ്പന വർദ്ധിപ്പിക്കാനുള്ള ഏതു ശ്രമവും അഭിനന്ദനീയമാണ്, പരമാവധി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. സാഹിത്യ പത്രങ്ങളിലെ പുസ്തക വിമർശനത്തിന്റെ ഈ പ്രാധാന്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

## സന്തുലനം ആവശ്യം

സാഹിത്യ പത്രപ്രവർത്തനം യഥാർത്ഥത്തിൽ സാഹിത്യത്തിന്റെ വളർച്ചക്ക് ഉപകരിക്കണമെങ്കിൽ, വിപുലവും ദീർഘവീക്ഷണപരവും സന്തുലനവും ആവശ്യമാകുന്നു. ഭാഷയിൽ ഇന്നു ലഭ്യമായ പുസ്തകങ്ങളെയും അവയുടെ ഉള്ളടക്കത്തെപ്പറ്റിയും സാമാന്യ ധാരണയെങ്കിലും സാഹിത്യ പത്രത്തിന്റെ അധിപൻ നേടിയിരിക്കണം. ഇനി ഭാവിയിൽ ഉണ്ടാകേണ്ട പുസ്തകങ്ങളെപ്പറ്റിയും അയാൾക്ക് ഏറെക്കുറെ ഗ്രാഹ്യം ഉണ്ടാകണം. വൈജ്ഞാനിക വിഷയങ്ങളുടെ കാര്യത്തിലാണ് സന്തുലനം കൂടുതൽ പ്രസക്തമാവുക എന്ന് പ്രത്യേകം പറയേണ്ടതില്ല. കഥ, കവിത, മുതലായ സർഗ്ഗാത്മക സാഹിത്യ രൂപങ്ങളുടെ കാര്യത്തിൽ സന്തുലനത്തിന് താരതമ്യേന കുറഞ്ഞ പ്രാധാന്യമേ ഉള്ളൂ. മറ്റു ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന കഴിയുന്നത്ര കൂടുതൽ ആനുകാലികങ്ങളും പുസ്തകങ്ങളുമായി ഉപരിതല ബന്ധമെങ്കിലും പുലർത്തുന്ന ഒരാൾക്ക് ഇന്ത്യയിലെയും മറ്റു നാടുകളിലെയും സാഹിത്യത്തിന്റെ ഗതി ഏതു ദിശയിലേക്കാണെന്ന് മനസ്സിലാക്കുക ദുഷ്കരമായിരിക്കുകയില്ല.

പുരോഗതിയുടെ ദിശയിലേയ്ക്ക് നമ്മുടെ ഭാഷാസാഹിത്യത്തിന്റെ ഗതി തിരിച്ചു വിടുന്നതിനും ത്വരിപ്പിക്കുന്നതിനും അനുഷ്ഠിക്കാവുന്ന ഒരു കൃത്യം, പല വിഷയങ്ങളിലുമുള്ള മികച്ച പുസ്തകങ്ങളും ലേഖനങ്ങളും തിരഞ്ഞെടുത്ത്, അവ ഭംഗിയായി വിവർത്തനം ചെയ്യിച്ചോ, അവയുടെ അടിസ്ഥാനത്തിൽ സ്വതന്ത്ര കൃതികൾ എഴുതിച്ച് പ്രസിദ്ധീകരിക്കുക എന്നതാണ്. ഇതിനായി എഴുത്തുകാരും പത്രാധിപരും തമ്മിൽ സൗഹാർദ്ദത്തിന്റെ ഒരു അവിഹിത ബന്ധം നിലനിർത്തി പോരണം. ദിവസം തോറും തനിക്കു കിട്ടുന്ന തപാലിലെ ഉരുപ്പടികൾ ഏതുതരത്തിൽ ഉള്ളവയാണെന്ന് തീരുമാനിക്കുന്നതിനുള്ള ചുമതല ഭാഗ്യത്തിനു തികച്ചും വിട്ടുകൊടുക്കാതെ അന്യരെ പ്രേരിപ്പിച്ച് ആവശ്യമുള്ളവ തേടിപ്പിടിക്കുന്നതിലുള്ള പത്രാധിപരുടെ കഴിവും സാമർത്ഥ്യവും സാധ്യതകളുമാണ് ഒരു പത്ര പ്രവർത്തനത്തെ പലപ്പോഴും ഫലഭൂയിഷ്ഠമാക്കുന്നത്.

## ഫയലിങ്

ഒരു പത്രമാഫീസിൽ എന്നും തപാലിൽ വന്നു കുമിയുന്ന ഉരുപ്പടികളിൽ വളരെ വലിയ ഒരു ശതമാനം തീരെ നിഷ്പ്രയോജനമായിരിക്കും. ഇക്കൂട്ടത്തിൽ വളരെ വളരെ മികച്ച ഒന്നോ രണ്ടോ, രചനകൾ ഭാഗ്യശാലികളായ പത്രാധിപരുടെ കൈയ്യിൽ വല്ലപ്പോഴും തടഞ്ഞെന്നു വരാം. ഉപ്പറഞ്ഞ രണ്ടു തരം രചനകളുടെ തീരെ നിരുപയോഗങ്ങളായവയുടേയും ഏറ്റവും മികച്ചവയുടേയും കാര്യത്തിൽ പത്രാധിപർ വിഷമമൊന്നും ചെയ്യേണ്ടതായിട്ടില്ല. താൻ ഉപയോഗിക്കാത്ത എല്ലാ രചനകളും, അച്ചടിച്ച ഒരു സ്ലിപ്പെങ്കിലും വച്ച് തിരിച്ചയക്കാൻ പത്രാധിപർക്ക് കഴിയുന്നുവെങ്കിൽ, അത് ഏറ്റവും നല്ല ഒരു ഏർപ്പാടാണെന്ന വിശ്വാസമാണ് എനിക്കുള്ളത്. കൂടെക്കൂടെ കിട്ടുന്ന "തള്ളിക്കളയൽ കുറിപ്പുകൾ" ചില ലേഖകരെ ക്ഷുബ്ധരാക്കാറുണ്ട്. പലരെയും നിരാശരാക്കാറുണ്ട്. എങ്കിലും പത്രത്തിനും തദ്വാരാ പൊതുജനത്തിനും സേവനം അനുഷ്ഠിക്കാൻ മുന്നോട്ടു വന്ന ലേഖകരോട് ഒരു പത്രാധിപന് ചെയ്യാവുന്ന ഏറ്റവും ചുരുങ്ങിയ മര്യാദ, പ്രസിദ്ധീകരിക്കാത്ത കൃതികൾ ആദരപൂർവം മടക്കി അയക്കുക എന്നതാണ്.

തീരെ മോശമായ ഒരു കൃതി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരണ യോഗ്യമാക്കാൻ ആർക്കും കഴിയുകയില്ല. എന്നാൽ, പത്രമാഫീസിൽ കിട്ടുന്ന

എത്ര മെച്ചപ്പെട്ട കൃതിയും വിദഗ്ദ്ധമായ എഡിറ്റിങ്ങിലൂടെ കൂടുതൽ മികച്ചതാക്കാൻ കഴിയുമെന്നതാണ് എന്റെ വിശ്വാസം. ലിപി വ്യത്യാസത്തിൽ ഉള്ള നോട്ടപ്പിശകുകൾ, ആശയപരമായ വൈകല്യങ്ങൾ, ആശയ സംവിധാനത്തിൽ വന്നു ചേർന്നിട്ടുള്ള അനവധി ന്യൂനതകൾ- ഇങ്ങിനെ പലതും ഏറെവും വലിയ എഴുത്തുകാരുടെ കൃതികളിലും തിരുത്താൻ കണ്ടേക്കും. ചിലപ്പോൾ പ്രസക്തമല്ലാത്ത പലതും വിട്ടു കളഞ്ഞ് ലേഖനത്തെ രൂപഭദ്രമാക്കാൻ സാധിച്ചേക്കും. ലേഖകൻ എഴുതിയതു മുഴുവൻ അപ്പാടെ പത്രാധിപർ പ്രസിദ്ധീകരിച്ചു കൊള്ളണമെന്നില്ല. ലേഖകൻ എഴുതാത്തത് ഒന്നും ലേഖകന്റെ പേരിൽ പത്രാധിപർ പ്രസിദ്ധീകരിക്കരുതെന്ന കാര്യത്തിൽ മാത്രമെ നിർബന്ധം വേണ്ടതുള്ളൂ. രചനയുടെ ഉള്ളടക്കത്തിൽ എന്ന പോലെ, ചിത്രങ്ങളും മറ്റും ചേർത്ത് അതിന്റെ അച്ചടി ആകർഷകമാക്കുന്നതിലും പത്രാധിപർക്ക് ഗണ്യമായ സേവനം നിർവ്വഹിക്കാനുണ്ട്. ചുരുക്കത്തിൽ സാഹിത്യ പത്രപ്രവർത്തനത്തിൽ ഗൗരവമുള്ള എഡിറ്റിങ്ങിന് ഗണ്യമായ ഒരു സ്ഥാനമുണ്ട്, എന്ന് ഞാൻ വിശ്വസിക്കുന്നു. എഴുത്തുകാരോടും വായനക്കാരോടുമുള്ള ബാദ്ധ്യത പത്രാധിപർ നിറവേറ്റുന്നത് മിക്കപ്പോഴും ശ്രദ്ധാപൂർവമായ എഡിറ്റിങ്ങിലൂടെയാണ്. തങ്ങളുടെ കൃതികളിൽ പത്രാധിപർ നടത്തുന്ന എഡിറ്റിങ് പല എഴുത്തുകാരെയും പ്രകോപിതരാക്കാറുണ്ട്. ആത്മവിശ്വാസമില്ലാത്തവരും, അല്പവിഭവരുമാണ് തങ്ങളെന്ന വസ്തുതയാണ് കോപ പ്രകടനത്തിലൂടെ ഇവർ പ്രഖ്യാപിക്കുന്നത്. അനേകം പരിണത പ്രജ്ഞരായ വലിയ എഴുത്തുകാർ വിദഗ്ദ്ധമായ എഡിറ്റിങ്ങിനെ കൃതജ്ഞതാപൂർവം അംഗീകരിക്കുന്നവരാണ്.

എനിക്കു മനസ്സിലാകാത്തതൊന്നും വായനക്കാരനും മനസ്സിലാവുകയില്ല എന്ന ധാരണ പത്രാധിപർ വെച്ചു പുലർത്താമോ? എന്റെ ദീർഘമായ പത്രപ്രവർത്തന ജീവിതത്തിൽ എല്ലാകാലത്തും ഈ ധാരണ ഞാൻ വെച്ചു പുലർത്തിയിരുന്നു എന്ന് തുറന്നു പറയാൻ ഞാൻ മടിക്കുന്നില്ല. അതിനാൽ ഒരു രചനയുടെ കയ്യെഴുത്തു പ്രതിയിൽ എനിക്ക് മനസ്സിലാകാത്ത എന്തെങ്കിലും കാണപ്പെടുകയും, അതു മനസ്സിലാക്കാനുള്ള എന്റെ ശ്രമം പരാജയപ്പെടുകയുമാണെങ്കിൽ, രചയിതാവിനോട് അതിനെപ്പറ്റി എഴുത്തിലൂടെ അന്വേഷിക്കുകയോ, അതിനു പ്രയാസമുണ്ടെങ്കിൽ ആ ഭാഗം

...13

വിട്ടുകളയ്ക്കു മാത്രം രചന പ്രസിദ്ധീകരിക്കുകയോ ആണ് ഞാൻ ചെയ്തു വന്നിട്ടുള്ളത്. പത്രാധിപർ സർവ്വജ്ഞനല്ല; സർവ്വജ്ഞനാണെന്ന ഭാവം അയാൾക്ക് ഉണ്ടാവുകയുമരുത്. ഏറ്റ എളിയ ലേഖകരിൽ നിന്നും പഠിക്കാൻ അയാൾ എന്നും സന്നദ്ധനായിരിക്കണം. അതേസമയം, താൻ വായനക്കാരുടെ പ്രതിനിധിയാണെന്നും, വായനക്കാരുടെ രുചിയും, അറിവിന്റെ നിലവാരവും നിർണ്ണയിക്കാനുള്ള ബാദ്ധ്യത തനിക്കാണെന്നും പത്രാധിപർ മറന്നു കൂടാ.

അറിയാത്തതുപോലെ തന്നെ, തെറ്റ് സംശയമുള്ളതും പത്രാധിപർ പ്രസിദ്ധീകരിച്ചു കൂട. രചനകളിലെ വസ്തുതകൾ - കണക്കുകൾ, തീയതികൾ, ഉദ്ധരണികൾ, അവയുടെ കൃത്യത, അങ്ങിനെ ഉടനവധി കാര്യങ്ങൾ - ശരിയാണെന്ന് പത്രാധിപർ ഉറപ്പു വരുത്തണം; പ്രത്യേകിച്ച് എഴുത്തുകാരുടെ വിശ്വസ്തത ബോദ്ധ്യമില്ലാതിരിക്കുമ്പോൾ.

പുതുമ

പുതിയ അറിവുകൾ, പുതിയ കണ്ടുപിടിത്തങ്ങൾ, പുതിയ ചിന്താധാരകൾ, പുതിയ ആവിഷ്കരണ രീതികൾ, ഭാഷയിൽ പുതിയ പ്രയോഗങ്ങൾ, പുതിയ ശൈലികൾ - പുതുമ സാഹിത്യ പത്രപ്രവർത്തനത്തിന്റെ ജീവധാരയാണെന്ന് പത്രാധിപർ ഓർക്കണം. പുതുമ പലപ്പോഴും ഇടക്കാലത്ത് പ്രസിദ്ധി നഷ്ടപ്പെട്ടു പോയ പഴമയുടെ പുനരുദ്ധാരണം കൂടിയാണെന്നും അയാൾ മറന്നു കൂടാ. വായനക്കാരുടെ രുചി നവീകരണവും ബോധ നവീകരണവും സാധിക്കുന്നതിന് നിത്യജാഗ്രതയുടെ പ്രവർത്തിക്കുന്നവരു മാത്രമേ സാഹിത്യ പത്രപ്രവർത്തനത്തിലൂടെ എന്തെങ്കിലും സേവനം അനുഷ്ഠിക്കാൻ കഴിയൂ.

ഗതാനുഗതികത്വം ലോക ധർമ്മമാണ്. പുതുമ ബഹുജനപ്രീതിക്കും [illegible]മെന്നില്ല. പത്രത്തിന്റെ പ്രചാരവും, അതിലൂടെ മാത്രം കൈവന്ന സാമ്പത്തിക വിജയവും ബഹുജനപ്രീതിയെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു. നിലവാരം വളരെ താഴ്ന്ന, തികച്ചും ഗതാനുഗതിക സ്വഭാവമുള്ള, കൃതികൾ തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന സാഹിത്യ വാരികകളുടേയും മറ്റും പ്രവർത്തകർ, തങ്ങളുടെ പ്രവർത്തന ശൈലി ന്യായീകരിക്കുന്നത്, അങ്ങിനെ മാത്രമേ തങ്ങൾക്ക് മാർക്കറ്റിൽ പിടിച്ചു നിൽക്കാൻ കഴിയൂ എന്നു പറഞ്ഞാണ്.

നിലനില്പിനുള്ള സമരത്തിൽ, സാഹിത്യമൂല്യത്തെ തഴഞ്ഞ് ബലി കഴിക്കേണ്ടി വരുന്നു. എന്ന് അവർ സങ്കോചത്തോടെ സമ്മതിക്കുന്നു. ഇത് ഒരു പക്ഷേ ശരിയാവാം. "കേസരി"പോലെയുള്ള ഒരു സാഹിത്യ വാരിക ഇന്നത്തെ കേരളത്തിൽ ഒരു സാംപത്തിക വിജയമായിരിക്കുമെന്ന് എനിക്കു വിശ്വാസമില്ല. പ്രചാരത്തിനു വേണ്ടി നിലവാരം താഴ്ത്തണോ [illegible], അഴിമതി നിശ്ചയിക്കേണ്ടതായ മാസികകളും ഇന്ന് നമ്മുടെ നാട്ടിൽ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

മറ്റൊരു കാര്യം, ദശലക്ഷക്കണക്കിനു വിറ്റഴിക്കപ്പെടാതെ തന്നെ മാസികകൾക്ക് സാംപത്തിക നഷ്ടം വരാതെ മുന്നോട്ടു പോകാൻ കഴിയുന്ന വഴികളുണ്ടെന്ന് നാം മറക്കരുത്. അതായത്, വളരെ വലിയ തോതിലല്ലാതെ, നിലവാരം പുലർത്തിക്കൊണ്ടു തന്നെ, ഒരു സാഹിത്യ പത്രികയ്ക്ക്, കേരളത്തിൽ സാംപത്തിക വിജയത്തിന് അനുപേക്ഷണീയമായ പ്രചാരം കൈവരിക്കാൻ ഇന്നു സാധിക്കും, സാധിക്കേണ്ടതുണ്ട്.

<u>നിലവാരം</u>

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. "നിലവാരം" എന്നാൽ എന്താണ്? വായനക്കാരെ കൂടി കണക്കിലെടുക്കാതെ "നിലവാര"ത്തെ നിർവചിച്ചിട്ടു കാര്യമില്ല. ഇംഗ്ലണ്ടിൽ നിലവാരം എന്നു കരുതപ്പെടുന്നത് ഇന്ത്യയിൽ നിലവാരമായിക്കൊള്ളണമെന്നില്ല. കേരളത്തിലും നിലവാരത്തെപ്പറ്റി വ്യത്യസ്ത ധാരണകളുണ്ടാവാം. വ്യത്യസ്തങ്ങളായ മാസികകൾക്ക് നിലവാരത്തെപ്പറ്റി വ്യത്യസ്ത സങ്കല്പങ്ങൾ ഉണ്ടാവാമെന്ന് അനുമാനിക്കാമല്ലോ. ഭാഷയുടെ വ്യാകരണപരവും ശൈലീപരവുമായ വിശുദ്ധി തീർച്ചയായും നിലവാരത്തിന്റെ ഒരു ഘടകമാണ്. "ശൈലീപരമായ വിശുദ്ധി" എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് പദപ്രയോഗത്തിന്റെ വിശുദ്ധിയും പര്യാപ്തിയും മിതത്വവുമാകുന്നു. ആവശ്യമാത്ര സംക്ഷേപം, അനുപേക്ഷണീയമായ വിസ്താരം - ഇതാണ് പര്യാപ്തി. ഭാഷയിൽ നിന്ന് വിഷയത്തിലേക്ക് കടക്കുമ്പോൾ, നിലവിലുള്ള തെറ്റായ ധാരണകൾ തിരുത്തുവാനും, ചില വിസ്മൃതമായ ശരിയായ ധാരണകൾ പുലർത്തുവാനും എത്രമാത്രം ഉപകരിക്കുന്നുവോ അത്രമാത്രമാണ് ഒരു രചന ഉയർന്ന നിലവാരത്തിലേക്ക് എത്തുന്നുവെന്ന് കണക്കാക്കാം.

ഉണ്ടും കഴിയില്ല. സൗന്ദര്യാവബോധപരവും, ധാർമ്മികവുമായ ചില മാനദണ്ഡങ്ങളും "നിവാര"ത്തിൽ അന്തർഭവിക്കുന്നുണ്ട്. ഇവ പക്ഷേ നിർവചനക്ഷമങ്ങളല്ല, സ്വാനുഭവൈകമാനങ്ങളാണ്

ജനപ്രീതിയിലും സഫലമായി തെളിയുന്ന പ്രചരണത്തിനും വേണ്ടി നിലവാരം കുറക്കുന്ന പത്രാധിപർ സാഹിത്യസേവനത്തേക്കാളേറെ വ്യവസായത്തിൽ ആണ് കണ്ണു വെക്കുന്നത്. വ്യവസായികൾ ഏത നിലയിൽ വിജയിക്കുമ്പോഴും പത്രപ്രവർത്തകർ ഏത നിലയിൽ അവർ പരാജയപ്പെടുന്നു വെന്ന് പറയാതെ തരമില്ല.

അദ്ധ്യാപനം പോലെ ഗൗരവമുള്ള , ഗൗരവബോധത്തോടെ നിർവഹിക്കേണ്ട , അർപ്പണം ആവശ്യപ്പെടുന്ന , ഒരു സേവനമാണ് സാഹിത്യ പത്ര പ്രവർത്തനം . സേവനം ഏത വാക്ക് ഊന്നി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു "പ്രോഫഷൻ" എന്നതിലേറെ ഒരു മിഷൻ ആണ്, ആയിരിക്കണം, സാഹിത്യ പത്രപ്രവർത്തനം.

അടൂർ, എൻ.വി. കൃഷ്ണവാരിയർ.
12-5-1987.